**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6629** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഉത്രാടം തിരുനാൾ ജലമേള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചരിത്രപ്രസിദ്ധമായ ഉത്രാടം തിരുനാൾ പമ്പ ജലമേളയുടെ നടത്തിപ്പ് സുഗമമാക്കുന്നതിന് സർക്കാർതലത്തിൽ കൂടുതൽ ഗ്രാന്റുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ചരിത്രപ്രസിദ്ധമായ ഉത്രാടം തിരുനാൾ പമ്പ ജലമേളയുടെ നടത്തിപ്പിന് വർഷങ്ങളായി ഉചിതമായ ധനസഹായം സർക്കാർ തലത്തിൽ അനുവദിച്ചുവരുന്നു. |
| (ബി) | മാമൻ മാപ്പിള ട്രോഫിക്കായുള്ള ഉത്രാടം തിരുനാൾ പമ്പ ജലമേള വിനോദസഞ്ചാരികളെ ആകർഷിക്കത്തക്ക തരത്തിൽ കൂടുതൽ ജനകീയമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) | ജലമേളകൾ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ പ്രചരണം നടത്തുന്നതിന്റെ ഭാഗമായി ഉത്രാടം തിരുനാൾ പമ്പ ജലമേള ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കാം. |
| (സി) | ഈ ജലമേളയ്ക്ക് കേന്ദ്ര ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | കേന്ദ്ര ധനസഹായത്തിനായി സംഘാടകർ അപേക്ഷകൾ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ